ആദിവാസി സമൂഹം

25(*205) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിന് വാഗ്ദാനം നൽകിയ ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങൾ നടത്തിയ സമരത്തിൽ ഉറപ്പു നൽകിയ എന്തെല്ലാം വാഗ്ദാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസി സമൂഹത്തിന് വാഗ്ദാനം നൽകിയ ഭൂമി വിതരണം ചെയ്യുന്ന നടപടി ദ്രുതഗതിയിൽ നടക്കുകയാണ്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ടി.ആർ.ഡി.എം., വനാവകാശ നിയമം, 'ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം' എന്നീ പദ്ധതികളിലൂടെ പട്ടികവർഗ്ഗ വികസന വകുപ്പും, കെ.എസ്.റ്റി. ആക്ട്, ഭൂരഹിത കേരളം എന്നിവയിലൂടെ റവന്യൂ വകുപ്പും അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമി അന്യാധീനപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ബഹു. സുപ്രീംകോടതി അംഗീകരിച്ച 7693 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിതരണത്തിനായി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ ചെയർമാനും പ്രോജക്ട് ഓഫീസർ/ടി.ഡി.ഒ. കൺവീനർ, ഡി.എഫ്.ഒ., ആദിവാസി സംഘടനകളിലെ ഓരോ പ്രതിനിധികൾ എന്നിവരും ഉൾപ്പെടുന്ന ഒരു പരിശോധനാ സമിതിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. ഇതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നു. അട്ടപ്പാടിയിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസം നടപ്പാക്കുന്നതിന് വാസയോഗ്യമായ 2600 ഏക്കർ ഭൂമി വിതരണം ചെയ്യാനായി കണ്ടെത്തി. ഇതിന്റെ സർവ്വെ നടപടികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട് സബ് കളക്ടർക്ക് 39 ലക്ഷം രൂപ അനുവദിച്ചു നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതിയിലൂടെ ആദിവാസി സമൂഹത്തിൽ ഭൂരഹിതരായ 524 കുടുംബങ്ങൾക്ക് 183.901 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. *

(ബി&സി) ആദിവാസി വിഭാഗങ്ങൾ നടത്തിയ സമരത്തിൽ ഉറപ്പു നൽകിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വാഗ്ദാനങ്ങളും സർക്കാർ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. ടി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ ഷെഡ്യൂൾഡ് മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പാക്കുന്നതിനാവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുമാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് വകുപ്പ് 18 ലക്ഷം രൂപ കുടുംബശ്രീക്ക് നൽകി ഇതിനാവശ്യമായ വിത്തിനങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സമരത്തിൽ അറസ്റ്റു ചെയ്യപ്പെട്ട 44 കുട്ടികളിൽ അർഹരായ 43 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച ജില്ലാ കളക്ടർ ഫണ്ട് ഉപയോഗിച്ച് 107.6 ഏക്കർ ഭൂമി കണ്ടെത്തി നെഗോസിയേഷൻ നടത്തി മറ്റെല്ലാ നടപടിക്രമങ്ങളും പാലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തിയാക്കിവരുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമപ്രകാരമുള്ള കൈവശ രേഖകൾ നൽകുന്ന നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ആയതിനാൽ ഇത്തരം കാര്യങ്ങൾ വിവിധഘട്ടങ്ങളിലായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ

26(*206) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly